

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.15/2350/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 14/11/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 14/11/2025
കെ.എസ്.എ.എം.പി.എം.15/2350/2025

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2024 മുതൽ 14-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അശ്റഫ് പെരുമ്പളളി കെ എ എസ്	ഡെപ്യൂട്ടി ഡയറക്ടർ	15-09-2025	24-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-09-2025	24-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സിന്ധു. ഐ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജസ്ന എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റഹിയാനത്ത് .പി.കെ	പ്രസിഡന്റ്	01-04-2024	20-05-2024
ഒഴിവ്	പ്രസിഡന്റ്	21-05-2024	05-06-2024

ശ്രീമതി. തസ്‌ലീന ഷാജി പാലക്കാട്ട്	പ്രസിഡന്റ്	06-06-2024	31-03-2025
ശ്രീ. ദേവേഷ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സുകുമാരി.എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി.സരിത.വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	06-10-2024
ശ്രീമതി. സുധർമ വി പി	അസിസ്റ്റന്റ് എഞ്ചിനീയർ	07-10-2024	31-03-2025
ശ്രീമതി.പങ്കജം.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	22-09-2024
ശ്രീമതി. റസിയ കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	23-09-2024	31-03-2025
ശ്രീ.ഷാഹുൽ ഹമീദ്.എം	വി.ഇ.ഒ	01-04-2024	31-03-2025
ശ്രീമതി. മറിയാമു കുണ്ടുവായിൽ	ഹെഡ് മിസ്ട്രസ്	01-04-2024	31-03-2025
ഡോ.പ്രസീന.ഇ.ആർ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2024	31-03-2025
ശ്രീ.സിനിജദാസ് .കെ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ.സബീർ ഹുസൈൻ.കെ.വി	വെറ്റിനറി സർജൻ	01-04-2024	19-05-2024
ശ്രീമതി. തസ്‌ലീന	വെറ്റിനറി സർജൻ	20-05-2024	31-03-2025
ഡോ.ശ്രീമനിത.എം.എൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-04-2024	31-07-2025
ഡോ. ഈസ അരീക്കാടൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-08-2024	14-01-2025
ഡോ.ശ്രീമനിത.എം.എൻ	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)	15-01-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-2
4	ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-3
5	B-4 ഷെഡ്യൂൾ പ്രകാരമുള്ള ബെനിഫിഷറി കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-5
7	വസ്തു നികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഫണ്ട് വിനിയോഗം(ACR പ്രകാരം)	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമപദ്ധതികൾ	1-7
14	ക്യാഷ് പരിശോധന	1-8
15	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം	1-11
18	ജലജീവൻ പദ്ധതി- അവലോകനം	1-12
19	തൊഴിൽ നികുതി - അപാകങ്ങൾ	1-13
20	രജിസ്റ്റർ ചെയ്യാതെയും തൊഴിൽ നികുതി അടവാക്കാതെയും സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാനങ്ങൾ പ്രവർത്തിക്കുന്നു	1-14
21	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.	1-15
22	ലൈസൻസ് പിരിവ് - അപാകതകൾ	1-16
23	ഹരിത മിത്രംസ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -ക്യു.ആർ.കോഡ് പതിക്കൽ പൂർത്തീകരണ വിവരം ലഭ്യമല്ല	1-17
24	ടർഫുകൾ, ജിംനേഷ്യം, നീന്തൽ കുളങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-18
25	സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തി	1-19
26	അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ	1-20
27	തെരുവുവിളക്ക് റിപ്പയർ - അപാകതകൾ	1-21
28	കറന്റ് അക്കൗണ്ടിൽ ഭീമമായ തുക - വരുമാന നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-22
29	ഓപ്പൺ ജിംനേഷ്യം - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-23
30	പഞ്ചായത്ത് മീറ്റിംഗ് ഹാളിലേയ്ക്ക് സൗണ്ട് സിസ്റ്റം- സ്റ്റോക്ക് വിവരം ലഭ്യമല്ല.	1-24
31	ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന്- മുഴുവൻ മരുന്നും ലഭ്യമായില്ല.	1-25
32	ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല.	1-26
33	വിവാഹ ധനസഹായം അധികം നൽകി	1-27
34	എസ്.എസ്.എ വിഹിതം അടവാക്കൽ - രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-28
35	കണ്ടിൻജന്റ് ചെലവുകൾ : രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-29

36	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല	1-30
37	ഹെൽത്ത് ഗ്രാന്റ്- റീയേജന്റുകൾ വാങ്ങിയ സ്ഥാപനത്തിന് അധിക തുക നൽകി	1-31
38	ഗ്രാമ പഞ്ചായത്ത് റീകൂപ്പ് ചെയ്ത് നൽകുന്ന തുകകൾ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിൽ വരവ് വെയ്ക്കുന്നില്ല	1-32
39	നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം-ആശുപത്രി മാനേജിംഗ് കമ്മിറ്റി- വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല	1-33
40	അൺഫിറ്റ് കെട്ടിടം- പൊളിച്ച് മാറ്റാൻ നടപടി സ്വീകരിച്ചിട്ടില്ല	1-34
41	സ്മാർട്ട് അങ്കണവാടിയിലേക്ക് വഴി സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.	1-35
42	വനിതകൾക്ക് മെൻസ്ട്രൽ കപ്പ് നൽകൽ- മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തിട്ടില്ല.	1-36
43	ആരോഗ്യഭേരി പദ്ധതി- പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പ് വരുത്താനായില്ല.	1-37
44	പരിരക്ഷാ പാലിയേറ്റീവ് കെയർ-വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല	1-38
45	അങ്കണവാടി കെട്ടിട നിർമ്മാണം- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്	1-39
46	മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.	1-40
47	തോടുകളിൽ നിന്നും നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തിട്ടില്ല	1-41
48	വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-42
49	ലൈഫ് ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല	1-43
50	സ്കൂളുകളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ-ജെം വഴി വാങ്ങൽ നടത്തിയില്ല	1-44
51	തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കേണ്ടതാണ്	1-45
52	പൂർത്തീകരണ / വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-46
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	വിവാഹ ധനസഹായം അധികം നൽകി	3-1
2	ഹെൽത്ത് ഗ്രാന്റ്- റീയേജന്റുകൾ വാങ്ങിയ സ്ഥാപനത്തിന് അധിക തുക നൽകി	3-2
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.07.2025 തീയതിയിലെ 4 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 14-11-2025

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 62(2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-3 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Exess Of Income Over Expenditure ഇനത്തിൽ 118242716 രൂപയാണ് 31.03.24 ന് നീക്കിയിരിപ്പായി ഉള്ളത് എന്നാൽ തൻവർഷ വാർഷികകണക്കിൽ മുന്നിരിപ്പായി 47409046 രൂപയാണ് രേഖപ്പെടുത്തിയത്. തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-4 B-4 ഷെഡ്യൂൾ പ്രകാരമുള്ള ബെനിഫിഷറി കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബെനിഫിഷറി കോൺട്രിബ്യൂഷൻ ഹെഡിൽ (320800101) ₹9,41,093 രൂപ ബാക്കി നിൽക്കുന്നു. മേൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	നീക്കിയിരിപ്പു തുക B4പ്രകാരം	നീക്കിയിരിപ്പു തുക B17പ്രകാരം
ഹെൽത്ത് ഗ്രാന്റ് ഫോർ ഡയഗണോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ (40882777700)	713126	662469

1-1-6 വസ്തു നികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

1. വസ്തു നികുതിയുടെ ആകെ ഡിമാന്റ് വാർഷിക കണക്കു പ്രകാരം 8452890 രൂപയാണ്. എന്നാൽ ഇത് സഞ്ചയ പ്രകാരം 9404803 രൂപയുണ്ട് .

2)വസ്തു നികുതിയുടെ കളക്ഷൻ തുകകൾ വാർഷികകണക്കിലെയും സഞ്ചയയിലെയും വിവരങ്ങളുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

ഇനം	വാർഷികകണക്കു പ്രകാരം	സഞ്ചയ പ്രകാരം
റെസിഡെൻഷ്യൽ (അരിയർ കളക്ഷൻ)	301751	302717
റെസിഡെൻഷ്യൽ (തൻ വർഷം കളക്ഷൻ)	3679559	3698036
നോൺ റെസിഡെൻഷ്യൽ (അരിയർ കളക്ഷൻ)	149242	158497
നോൺ റെസിഡെൻഷ്യൽ (തൻ വർഷം കളക്ഷൻ)	3359082	3362670

3)വസ്തു നികുതിയുടെ ആകെ ബാലൻസ് വാർഷികകണക്കു പ്രകാരം 1315188 രൂപയാണ്. എന്നാൽ ഇത് സഞ്ചയ പ്രകാരം 1335337 രൂപയുണ്ട് .

അപകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകുയറി നം.37/22.9.25)

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി	(പുതുക്കിയത്) തീരുമാന നം./ തിയ്യതി
1(1)/08.02.2024	2 (1)/ 04.03.2025

1-3 സാമ്പത്തിക വിശകലനം

ഇനം	തുക
മുന്നിരിപ്പ്	5,50,32,615
വരവ്	118088609
ആകെ	173121224
ചെലവ്	95750115
നീക്കിയിരിപ്പ്	77371109

1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

വികസന ഫണ്ട് പൊതുവിഭാഗം	0	21518373	21518373	21518373	0
വികസന ഫണ്ട് – എസ്.സി.പി.	0	3067246	3067246	3067246	0
വികസന ഫണ്ട് – ടി.എസ്.പി.	0	0	0	0	0
സംരക്ഷണ-ഗ്രാന്റ് റോഡ്	0	10711000	10711000	2814189	7896811
സംരക്ഷണ ഗ്രാന്റ് – നോൺറോഡ്	0	6963000	6963000	6032566	930434
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant)	0	10459563	10459563	3001809	7457754
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant)	0	3961899	3961899	2418187	1543712

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
270	148654177	132	72782380	42	96	48.88

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	8379	249644	255323	255323	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	8179003	8179003	8179003	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	3006400	185
വിധവാപെൻഷൻ	18706400	1219
വാർദ്ധക്യകാല പെൻഷൻ	78326800	2645
വികലാംഗപെൻഷൻ	8426400	562
വിവാഹ ധനസഹായം	120000	4
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	280000	18

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2025 ന് 2.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34,125/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. നിലവിൽ ആർജ്ജിച്ചതും / വിട്ട് കിട്ടിയതുമായ എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2.രജിസ്റ്റർ ചെയ്യാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നു.
3. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.
4.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.
5. കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിറുത്തുന്നത് പലിശയിനത്തിലുള്ള വരുമാന നഷ്ടത്തിന് ഇടയാക്കുന്നു.
6. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	13.12.2022	11/2022	22.12.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.02.2017	2015-16	29.03.2017

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി നന്നമ്പ്ര ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരമുള്ള ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

വർഷം	സ്കീം-1	സ്കീം-3	സ്കീം-4
2021-22			
2022-23	NIL	264733	135000
2023-24	NIL	1210000	489000
2024-25	NIL	5,05,000	7,78000
ആകെ		**19,79,733**	**14,02,000**
പലിശയുൾപ്പെടെ 31-3-2025 ന് അക്കൗണ്ടിലുള്ള ബാലൻസ്		**6,62,469**	**10,57,875**

ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

വർഷം	സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs	സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs	സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres
2021-22		NIL	NIL
2022-23		NIL	NIL
2023-24		173455	31800
2024-25		11,57,394	342078
ആകെ		**13,30,849**	**3,73,878**

നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.

വർഷം	പ്രോജക്ട് നം.	പദ്ധതിയുടെ പേര്	ചെലവ് തുക	റിമാർക്സ്
2023-24	197/24	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	173455	സ്കീം-3
2023-24	198/24	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	31800	സ്കീം-4
2024-25	278/25	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	59300	സ്കീം-4
2024-25	279/25	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	282778	സ്കീം-4
2024-25	280/25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	176495	സ്കീം-3
2024-25	281/25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	980899	സ്കീം-3

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ദിനം പ്രതി 400 ഓളം രോഗികൾ MORNING & Evening ഒ.പി.യിലായി കുടംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. ലാബിൽ Aotomatic Analyser ഉൾപ്പെടെ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് കൊണ്ട് തന്നെ രോഗ നിർണ്ണയ പരിശോധനകൾ വേഗത്തിലാക്കുന്നതിനും പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കാനും സാധിക്കുന്നുണ്ട്. സ്കീം-3 ൽ ലഭിക്കുന്ന ഗ്രാന്റ് തുക രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത് വഴി ആശുപത്രി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും സേവനം വേഗത്തിൽ നൽകുന്നതിനും ഒരു പരിധി വരെ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എന്നാൽ സ്കീം-4 പ്രകാരമുള്ള ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ശരിയായ ആസൂത്രണമില്ലായ്മയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സ്ഥല പരിമിതിയും സ്റ്റാഫിന്റെ കുറവും ഫണ്ട് ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥക്ക് കാരണമാകുന്നുണ്ട്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യമുള്ളതിനാൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലും ശ്രദ്ധയും ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

1-12 ജലജീവൻ പദ്ധതി- അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും

ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരിശോധനാവിധേയമാക്കി. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

1. തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതു വരെ ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തുകയോ വാട്ടർ അതോറിറ്റിക്ക് തുക കൈമാറുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതു വരെ തുക പിരിച്ചെടുക്കുകയോ ലഭ്യമാകുകയോ ചെയ്തിട്ടില്ല.

2. പദ്ധതിയുടെ പുരോഗതി വിവരം.
ഗ്രാമ പഞ്ചായത്തിൽ നിലവിൽ കുടിവെള്ളം ലഭിക്കുന്ന രീതിയിൽ പദ്ധതി പുരോഗമിച്ചിട്ടില്ല. ടാങ്ക്, കിണർ എന്നിവയുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. റോഡുകൾ മിക്കതും പൈപ്പിടുന്നതിന് കീറിയിട്ടുണ്ടെങ്കിലും പൈപ്പിടൽ പ്രവൃത്തി ഒട്ടും പുരോഗമിച്ചിട്ടില്ല. 42 കി. മീ . നീളത്തിൽ മാത്രമാണ് നിലവിൽ പൈപ്പിടൽ പൂർത്തീകരിച്ചിട്ടുള്ളത്. ഇത് പൈപ്പിടൽ പ്രവൃത്തിയുടെ പകുതി പോലുമാവുന്നില്ല. ഏകദേശം 680 ഹൗസ് കണക്ഷനുകളാണ് നിലവിൽ നൽകിയിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതു വരെ ഗ്രാമ പഞ്ചായത്തിന് തുക ലഭ്യമായിട്ടില്ല. എന്നാൽ 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ 23 റോഡ് വർക്കുകളിൽ ജലജീവൻ പദ്ധതി പ്രകാരം പൈപ്പ് ലൈൻ പ്രവൃത്തി നടത്തിയ റോഡുകളുടെ റീസ്റ്റോറേഷനായി വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. (No. SE/PHC/MPM/DB4/471/2022-23, തി-6.3.2024) ആയതിന്റെയടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 8.7.2025 ലെ 1/2 നമ്പർ തീരുമാന പ്രകാരം തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

1-13 തൊഴിൽ നികുതി - അപാകങ്ങൾ

നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	തൊഴിൽ നികുതി അടവാക്കാത്ത കാലയളവ്
1	ബി.എസ്.എൻ.എൽ,കുണ്ടൂർ	I&II ഹാഫ്
2	ഇവാകോ ഫൂട്ട്കെയർ	I&II ഹാഫ്
3	ഡോ.അനൂപ് ടൂത്ത് കെയർ ക്ലിനിക്,തെയ്യാല	I&II ഹാഫ്
4	എം എൻ എസ് വെൽനസ്സ് ക്ലിനിക്	II ഹാഫ്
5	ബ്രാഞ്ച് പോസ്റ്റോഫീസ് നന്നമ്പ്ര	I&II ഹാഫ്

മുകളിൽ പരാമർശിച്ച 2024-25 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2. പഞ്ചായത്തിന്റെ തൻവർഷത്തെ ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 15000/- രൂപ ഈടാക്കുനുള്ളതായി കാണുന്നു. ഏതൊക്കെ സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയത് എന്ന് വിശദമാക്കേണ്ടതാണ്.
ബി.എസ്.എൻ.എൽ,കുണ്ടൂർ, ഇവാകോ ഫൂട്ട്കെയർ, ഡോ.അനൂപ് ടൂത്ത് കെയർ ക്ലിനിക്,തെയ്യാല എന്നിവ നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും വിഷയം സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണക്ക് സമർപ്പിച്ച് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറ്റു സ്ഥാപനങ്ങൾക്ക് 13013026/25 ഫയൽ പ്രകാരം കത്ത് നൽകിയിട്ടും അടവാക്കിയില്ല എന്നും ആയതിന് ഓർമ്മക്കുറിപ്പ് നൽകുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/2024-25 തിയ്യതി : 16.09.2025) മറുപടി ലഭ്യമാക്കി.
15000/- രൂപ സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയതിൽ സമീക്ഷ ആയുർവേദ ക്ലിനിക്, പാണ്ടിമുറ്റം, ഗൗസിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഐ ഇ സി സെക്കന്ററി സ്കൂൾ കൊടിഞ്ഞി എന്നിവ അരിയർ തുക 7500/- രൂപ (2500/- Each) 2025-26 വർഷം അടവാക്കിയതിന്റെ രസീത് വിവരങ്ങളും MSI

HSS കുണ്ടൂർ, പി എം എസ് ടി ആർട്സ് കോളേജ് കുണ്ടൂർ, തെയ്യാല ഡെന്റൽ ക്ലിനിക് എന്നിവ അടവാക്കിയിട്ടില്ലെന്നും അവയ്ക്ക് നോട്ടീസ് നൽകുന്നതാണെന്നും മറുപടിയിൽ അറിയിച്ചു.
നിലവിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാനുള്ള നടപടികളും സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-14 രജിസ്റ്റർ ചെയ്യാതെയും തൊഴിൽ നികുതി അടവാക്കാതെയും സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 270 A പ്രകാരം രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനു ശേഷവും തുടർന്നും ഒരു സ്വകാര്യ ആശുപ്രതിയോ പാരാ മെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞുറു രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

1. നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2024-25 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	ഡോ. സഹ്‌ലാസ് സി. എം. സി ഡെന്റൽ ക്ലിനിക്
2	മെഡികെയർ പോളി ക്ലിനിക്
3	ഇഖ്റ ഡെന്റൽ ക്ലിനിക്
4	കെ കെ മെഡിലാബ് തെയ്യാല
5	ഓറ ഡെന്റൽ ക്ലിനിക് കണ്ണന്താളി
6	സുകൃതം ആയുർവ്വേദ ക്ലിനിക് പാണ്ടിമുറ്റം
7	ക്യൂൻസ് ഡെന്റൽ കെയർ കുണ്ടൂർ

മേൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. താഴെ പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2024-25 വർഷം ലൈസൻസ് അനുവദിക്കുകയോ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	തെയ്യാല ഡെന്റൽ ക്ലിനിക്
2	എം എൻ എസ് ഡെന്റൽ ക്ലിനിക്
3	ടിൻ മെഡിസിറ്റി ഹോസ്പിറ്റൽ

മേൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. താഴെ പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2024-25 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടവാക്കുയോ ചെയ്തിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	ട്രൂ കെയർ മെഡിക്കൽ സെന്റർ ചെറുമുക്ക്	1

മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/2024-25 തിയ്യതി:16.09.2025) മറുപടി ലഭ്യമാക്കിയില്ല.

1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരവും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

ക്രമ നം.	ഇനം	01.04.2024 തീയ്യതിയിലെ മുന്നിരിപ്പ് തുക (₹)	31.03.2025 തീയ്യതിയിലെ നീക്കിയിരിപ്പ് തുക (₹)
1	Contractors' Earnest Money	76655	88655

	Deposit		
2	Suppliers' Earnest Money Deposit	101556	61091
3	Bidders' Earnest Money Deposit	19730	19730
4	Contractors' Security Deposit	80080	39615
5	Suppliers' Security Deposit	7410	7410
6	Other Deposit	230592	254333
7	Contractors' Retention	18676	19863
8	Suppliers' Retention	95500	95500
9	Election Deposit	1200	1200
10	Auction Deposit	38100	37600
	ആകെ		587397

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 മുതലും അതിന് മുമ്പുമുള്ള ഡെപ്പോസിറ്റുകളാണ് അവശേഷിക്കുന്നത് എന്ന് വ്യക്തമായി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. ഇതേ അപാകത കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. മേൽ പറഞ്ഞവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകെയറി 40/13.08.2024)

1-16 ലൈസൻസ് പിരിവ് - അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. ലൈസൻസ് പുതുക്കിയില്ല

1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 ൽ 6 പ്രകാരം ലൈസൻസിന്റെ കാലാവധി അതത് സാമ്പത്തിക വർഷവസാനം വരെ ആയിരിക്കുന്നതും കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത വർഷത്തേക്ക് പുതുക്കി വാങ്ങേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന വ്യക്തികൾ 2024 – 25 വർഷത്തിൽ വളർത്തു നായകൾ/പന്നികൾ ക്ക് ലൈസൻസ് പുതുക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	കെട്ടിട നമ്പർ	റിമാർക്സ്
1	ആദർശ് പി	16/227	വളർത്തു നായ
2	ലതീഷ് കുമാർ വി പി	9/389	വളർത്തു നായ
3	അശ്വിൻ ചെറുവത്ത്	13/67 A	വളർത്തു നായ
4	സാരംഗ് എൻ പി	6/205	വളർത്തു നായ

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/2024-25 തിയ്യതി: 16.09.2025)മറുപടി ലഭ്യമാക്കിയില്ല. മേൽ വ്യക്തികളിൽ നിന്ന് ലൈസൻസ് പുതുക്കി ഫീ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ഹരിത മിത്രംസ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -ക്യു.ആർ.കോഡ് പതിക്കൽ പൂർത്തീകരണ വിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ:വി.ഇ.ഒ

പ്രോജക്ട് നം, പേര്	അടങ്കൽ	വൗച്ചർനം.തീയതി&തുക	ആകെ ചെലവ്
274/25 ഹരിത	₹1,50,000/-(തനത്		₹1,20,795/-(തനത്

	മിത്രംസ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ക്യു.ആർ.കോഡ് പതിക്കുന്നതിന് തുക നല്കൽ (SO)	ഫണ്ട്)	22401111/11.3.2025: 97,410/- 22401220/27.3.2025: 23,385/-	ഫണ്ട്)

29.9.2022ലെ സ.ഉ.(സാ.ധാ)നം.2341/22/LSGD നമ്പർ ഉത്തരവ് പ്രകാരം വീടുകളിലേയും സ്ഥാപനങ്ങളിലേയും അജൈവ മാലിന്യ സംസ്കരണ പ്രവൃത്തികൾ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്ലിക്കേഷൻ മുഖേന മോണിറ്ററിംഗ് നടത്തുന്നതിനായി പഞ്ചായത്തിലെ വീടുകളിലും സ്ഥാപനങ്ങളിലുമായി 1559 ക്യു ആർകോഡ് പതിക്കുന്ന പ്രവൃത്തി ചെയ്തിട്ടുള്ള എന്യൂമറേറ്റർമാർക്ക് 1,20,795 രൂപ അനുവദിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ക്യുആർകോഡ് സ്ഥാപിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ക്യുആർകോഡ് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(34/22.9.2025) നല്കിയതിന് 23.9.2024ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ 98 ശതമാനത്തിലധികം വീടുകളിലും സ്ഥാപനങ്ങളിലും ക്യുആർകോഡ് പതിച്ചിട്ടുണ്ടെന്നും സർവെയർമാരുടെ സന്ദർശനവേളയിൽ അടഞ്ഞു കിടന്ന ഏതാനും വീടുകളും സ്ഥാപനങ്ങളും മാത്രമാണ് ക്യുആർകോഡ് പതിക്കാൻ ബാക്കിയുള്ളതെന്നും നിലവിൽ നടക്കുന്ന ഹരിതമിത്രം ആപ്ലിക്കേഷന്റെ പുതിയ വേർഷന്റ അപ്ഡേഷൻ പൂർത്തിയാവുന്ന മുറയ്ക്ക് ബാക്കിയുള്ള വീടുകളിലും സ്ഥാപനങ്ങളിലും ക്യുആർകോഡ് പതിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ക്യുആർകോഡ് സ്ഥാപിച്ചതിന്റെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

1-18 ടർഫുകൾ, ജിംനേഷ്യം, നീന്തൽ കുളങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 05.04.2023 ലെ സ.ഉ.(അ)നം. 25/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൽ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്. നന്മമ്പ്ര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷക്കുറിപ്പിന് (നം. 22 2024-25 തിയ്യതി 20.09.2025) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തി

പ്രോജക്ട് നം, പേര്	110/25 പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവ് കാണിക്കുന്ന വിദ്യാർത്ഥികളെ ആദരിക്കൽ
അടങ്കൽ	50,000/-(വികസന ഫണ്ട്)
ബിൽ നം.തീയതി&തുക	241506520410014449316.3.25:39,000/-
ആകെ ചെലവ്	39,000(വികസന ഫണ്ട്)

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പഞ്ചായത്തിലെ എൽഎസ്.എസ്,യു.എസ്.എസ്.,എസ്.എസ്.എൽ.സി,+2 എന്നീ പരീക്ഷകളിൽ ഏറ്റവും മികവ് കാണിച്ചിട്ടുള്ള 191 വിദ്യാർത്ഥികളെ ആദരിക്കുന്നതിന് നടുവീട്ടിൽ എ.എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് 13.7.2024 തീയതിയിൽ ചടങ്ങ് സംഘടിപ്പിക്കുകയും ബ്ലോക്ക്,ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും കുട്ടികളുടെ രക്ഷിതാക്കൾ ഉൾപ്പടെ 600പേർക്ക് ചായയും ലഘു ഭക്ഷണവും നൽകിയതിന് 21,000/-രൂപയും സൗണ്ട് സിസ്റ്റം,സ്റ്റേജ്, കസേര,ജനറേറ്റർ എന്നിവയുടെ ചെലവിന് 18,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.പ്രസ്തുത ചടങ്ങിൽ 262 പേർ പങ്കെടുത്തതിന്റെ രേഖകളാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയ്കു വിരുദ്ധമായാണ് പ്രസ്തുത ചെലവ് നടത്തിയിട്ടുള്ളത്.ആയതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി(9/16.9.2025) നല്കിയതിന് 17.9.2025ന് ലഭ്യമാക്കിയ മറുപടിയിൽ സമയപരിമിതിമൂലം ശ്രദ്ധയിൽപ്പെടാതെപോയതാണെന്നും വരും കാലങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-20 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 23/2024-25 തിയ്യതി : 20.09.2025) മറുപടി ലഭ്യമാക്കിയില്ല

1-21 തെരുവുവിളക്ക് റിപ്പയർ - അപാകതകൾ

പ്രൊജക്ടിന്റെ പേര് : തെരുവുവിളക്ക് റിപ്പയർ - 192/25

അടങ്കൽ :300000/- തനത്

ചെലവ് :140000/-(വൗച്ചർ നം .22400906/25.1.25)

മേൽ പ്രൊജക്ടു പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വിളക്കുകൾ റിപ്പയർ ചെയ്തതതിന് യുണൈറ്റഡ് എനർജി സിസ്റ്റം തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 1,40,000 രൂപ മേൽ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ /രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)തകരാറിലുള്ള തെരുവു വിളക്കുകളുടെ വിവരം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നോ പഞ്ചായത്തംഗങ്ങളിൽ നിന്നോ പഞ്ചായത്ത് ഓഫീസിൽ നിന്നോ ശേഖരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

2)തെരുവുവിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ , കംപ്ലയിന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3)വാർഡുകളിലെ തെരുവു വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ അതത് വാർഡു മെമ്പർ മാർ ഒപ്പിട്ട സാക്ഷ്യപത്രങ്ങൾ പ്രകാരം ആകെ 150 തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതായി ഫയലിലുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന്റെ 95/23.3.2024 നം ഇൻവോയ്സ് പ്രകാരം എത്ര തെരുവു വിളക്കുകൾക്ക് േതു നിരക്കു പ്രകാരമാണ് ഈ തുക അനുവദിച്ചത് എന്ന് വ്യക്തമല്ല. നിലവിൽ കത്താത്ത വിളക്കുകൾ മാറ്റി എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്നതും ഇൻവോയിസിൽ വ്യക്തമാക്കിയിട്ടില്ല.

4)സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

5)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

6)പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

7) പദ്ധതി വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായി കാണുന്നില്ല.

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻകെയറി നം. 45/24.9.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതു വരെ ചെലവിനാസ്പദമായ 140000/- തടസ്സം ചെയ്യുന്നു.

1-22 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക - വരുമാന നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ-പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67387343575) 01.04.24 ന് 10723285/- രൂപ മുൻബാക്കിയും 31.3.2025 ന് 12400437/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 11309700/- രൂപ, 127726- രൂപയുമാണ്.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 43/24.9.25നം ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രഥമമറുപടിയിൽ തന്നെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 ഓപ്പൺ ജിംനേഷ്യം - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ്	:	വാർഡിൽഓപ്പൺ ജിംനേഷ്യം സ്ഥാപിയ്ക്കൽ(44/2025)
നിർവ്വഹണം	:	സെക്രട്ടറി
അടങ്കൽ തുക	:	₹200000/- (തനത് ഫണ്ട്)
ചെലവ്	:	200000/- (വൗച്ചർ നം. 22401289തീ. 30.3.2025

മേൽ പ്രോജക്ട് പ്രകാരം, 21 വാർഡിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിയ്കുന്നതിനായി ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആർട്കോയിൽ നിന്നും 200000/- രൂപയുടെ ജിം ഉപകരണങ്ങൾ ഇൻവോയ്സ് നം. 563/7.3.25 പ്രകാരം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾതാഴെ ചേർക്കുന്നു.

	ഉപകരണങ്ങൾ	തുക
1	Sit Up Board Double-1	51920
2	Chest Cum Seated Puller-1	62658
3	Standing Twister-1	43896
4	Air Walker-1	41536
Total		2,00,000/-

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയെങ്കിലും മേൽ ഉപകരണങ്ങൾ ഒന്നും തന്നെ ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഉപകരണങ്ങളുടെ പരിപാലനം മേൽനോട്ടം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിനുള്ള കസ്റ്റോഡിയൻ ഓഫീസറുടെ വിവരം ലഭ്യമല്ല.

3)വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻകെയറി 33/25.06.25ക്ക് അപാകതകളും പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മുഴുവൻ അപാകതകളും പരിഹരിച്ച് അറിയിയ്ക്കുന്നതുവരെ ചെലവിനാസ്പദമായ 2,00,000/-തടസ്സം ചെയ്യുന്നു.

1-24 പഞ്ചായത്ത് മീറ്റിംഗ് ഹാളിലേയ്ക്ക് സൗണ്ട് സിസ്റ്റം- സ്റ്റോക്ക് വിവരം ലഭ്യമല്ല.

പ്രൊജെക്ട്	പഞ്ചായത്ത് മീറ്റിംഗ് ഹാളിലേയ്ക്ക് സൗണ്ട് സിസ്റ്റം (191/25) സ്പിൽ ഓവർ
അടങ്കൽ	425000 /- (തനത്)
ചെലവ്	125000/- 22401290/30.3.25

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റു പ്രകാരം കുറവു നിരക്ക് കാട്ട് ചെയ്ത പറമ്പിൽ പീടിക എക്സോ ഡിജിറ്റൽ ഫോർ സൗണ്ട് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും 2.3.24 തീയതിയിലെ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	ഇനം	എണ്ണം	തുക
1	ആംപ്ലിഫയർ 350w	1	20500

2	സ്പീച്ച് മൈക്ക്	1	2000
3	മൈക്ക് സ്റ്റാന്റ് ചെറുത്	1	1000
4	മൈക്ക് സ്റ്റാന്റ് വലുത്	1	2000
5	സ്പീക്കർ ബോക്സ് 400w	2	20000
6	ഡിജിറ്റൽ ഇകിലൈസർ മിക്സർ	1	15000
7	ഡിജിറ്റൽ 1000 Oms മൈക്ക്	3	15000
8	Xlrമൈക്ക് കേബിൾ	5	4500
9	കണക്ഷൻ കോഡ് കേവിൾ	4	1200
10	മൊബൈൽ പിൻ ജാക്ക് കേബിൾ	1	400
11	2 കോർ കേബിൾ 20 മീറ്റർ	20	1500
12	ബോക്സ് ഫിറ്റിംഗ് വാൾ ക്ലാംപ്	2	2000
13	ട്രോളി സ്പീക്കപ്പർ വിത്ത് മൈക്ക്	1	16732
	സൗണ്ട് എഞ്ചിനിയർ വിത്ത് ലേബർ ചാർജ്		3500
	ഓട്ടോ ചാർജ്		600
	Gst 18%		19068
			125000

ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.
കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയെങ്കിലും മേൽ ഉപകരണങ്ങൾ ഒന്നും തന്നെ ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഇൻവോയ്സുകളുടെ പകർപ്പിലും സ്റ്റോക്കിലെടുത്തതിന്റെ വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)വാങ്ങിയ ഉപകരണങ്ങൾക്ക് കൃത്യമായ നമ്പരുകൾ നൽകി ആധികാരികമാക്കിയിട്ടില്ല.

4 പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് -33/25.06.25 മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതു വരെ ചെലവിനാസ്പദമായ 125000/- തടസ്സം ചെയ്യുന്നു.

1-25 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന്- മുഴുവൻ മരുന്നും ലഭ്യമായില്ല.

അടങ്കൽ:500000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ആകെ ചെലവ് : 500000/- BRN.241506520072010722247/20.12.24

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ (17/25) എന്ന പ്രൊജക്ടു പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് 500000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട് . എന്നാൽ പ്രഫോർമ ഇൻവോയ്സ് നം 174/12.8.2024 പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും ഹോംകോയിൽ നിന്നും ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയ്സ് നം &തീയതി	തുക	ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നിന്റ വില
2470/7.2.2025	254935	
2825/7.3.2025	133220	
764/17.4.2025	8311	3504
1268/25.8.2025	100030	
	496496	

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻകയറി നം. 15/19.9.25ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന3504/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-26 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ആയതു പ്രകാരം ഒന്നാം അർദ്ധവർഷത്തെ തുക ഒക്ടോബർ 31നകവും രണ്ടാം അർദ്ധവർഷത്തെ തുക പ്രിൽ 30നകവും അടവാക്കേണ്ടതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ പഞ്ചായത്തിന്റെ ബാധ്യതയായി വരുന്നതാണ്.എന്നാൽ സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

ലൈബ്രറി സെസ്സ് അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അർദ്ധവർഷം	പിരിച്ചെടുത്ത തുക (₹)	അടവാക്കേണ്ട തിയ്യതി	അടവാക്കിയ തിയ്യതി (വൗച്ചർ)
2023-24 Second Half	289304	30.04.2024	22400182/15.6.2024
2024-25 First Half	379086	31.10.2025	22500137/1.8.2025

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വന്നതിന് കാരണം വിശദമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 41/24.9.2025 ലഭ്യമാക്കിയ മറുപടി പ്രകാരം തുടർ വർഷങ്ങളിൽ സമയബന്ധിതമായി ലൈബ്രറി സെസ് അടവാക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് അതാതു സമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 വിവാഹ ധനസഹായം അധികം നൽകി

നിർവ്വഹണം : അസി.സെക്രട്ടറി

പ്രൊജക്ടിന്റെപേര് : SC പെൺകുട്ടികൾക്ക് വിവാഹധനസഹായം (67/2024-25)

അടങ്കൽ :625000/- (പ്ലാൻ എസ്.സി.പി)

ആകെ ചെലവ് : 625000/-

BRN- 24150652028901002309/9.12.2024 തുക 375000/-

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 115/2022/LSGD/28.5.22) ഖ.നം 7.2.1 ന്റെ തുടർച്ചയായി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.10.2022ലെ സ. ഉ (സാധാ) 2593/2022 നം ഉത്തരവു പ്രകാരം, പട്ടിക ജാതി /വർഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം പട്ടിക ജാതി / വർഗ വികസന വകുപ്പു നൽകുന്ന ധനസഹായവുമായി എകീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം, ഈ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള ധനസഹായം 1,25,000രൂപയായി വർദ്ധിപ്പിച്ച നിരക്ക്, 15.10.2022 നു ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്നും വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ 25.5.2022 ന് വിവാഹം കഴിഞ്ഞ സനിത.വി.പി.D/O വേലായുധൻ.വിപി. വെള്ളോട്ര പടിയ്ക്കൽ, തെയ്യാല എന്ന ഗുണഭോക്താവിന് ഈ പദ്ധതിയിൻ കീഴിൽ 1,25,000 രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. (അക്കൗണ്ട് നം 37861010026 7)ആയത് ക്രമപ്രകാരമല്ല.സർക്കാർ ഉത്തരവിനു വിരുദ്ധമായി 50000 രൂപ അധികം നൽകിയതായി കാണുന്നു. ആയതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 5/16.9.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, അറിയാതെ സംഭവിച്ച തെറ്റാണെന്നും അധികം കൈപറ്റിയ 50000/- അടവാക്കുന്നതിനായി മേൽ ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ടെന്നും തുക ഗഡുക്കളായി തിരിച്ചടയ്ക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചത്.നഷ്ടം തിരിച്ചടവാക്കി അറിയിക്കുന്നതുവരെ 50000/- നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിയ്ക്കുന്നതാണ്.

1-28 എസ്.എസ്.എ വിഹിതം അടവാക്കൽ - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടു മുഖേന താഴെ പറയും പ്രകാരം 2108062 രൂപ District Project Officer SSK ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്	അടങ്കൽ	ചെലവഴിച്ച തുക	ബിൽ നമ്പർ
എസ്.എസ്.എ വിഹിതം അടവാക്കൽ(1/25)	2126550 (ധനകാര്യകമ്മീഷൻ അവാർഡ്)	2108062	1)XVFC/25 /P/30/17.3.25 2108062/-

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ഖ 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

ഖ 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

എന്നാൽ പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. 2108062 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ക്കൂളുകളിൽ,പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറി നം.16/19.9.25 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ചറിയിക്കുന്നതുവരെ ചെലവിനാസ്പദമായ 2108062 രൂപ തടസ്സം ചെയ്യുന്നു.

1-29 കണ്ടിൻജന്റ് ചെലവുകൾ : രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : പ്രാഥമികാരോഗ്യകേന്ദ്രം കണ്ടിൻജന്റ് ചെലവുകൾ (111/2025)
നിർവ്വഹണം : സെക്രട്ടറി

മൊത്തം അടങ്കൽ- : 500000/-(തനത് ഫണ്ട്)

ആകെ ചെലവ് : 477965

മേൽ പ്രൊജക്ട് പ്രകാരം, കണ്ടിൻജന്റ് ചെലവുകൾക്കായി മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) വൗച്ചർ നം 22400261/ 6.8.2024 പ്രകാരം 300000 രൂപ നൽകിയതിന്, മെഡിയ്ക്കൽ ഓഫീസറുടെ 17.7.2025ലെ 238/2025 നം കത്തു പ്രകാരം 2,49,705രൂപയുടെ ചെലവുരേഖകളും പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കി ചെലവഴിക്കാൻ അവശേഷിയ്ക്കുന്ന 50,295 രൂപയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവഴിച്ചിട്ടില്ലാത്ത 50,295 രൂപ പഞ്ചായത്തിന് തിരികെ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകുയറി നം. 34/18.9.2025)

1-30 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

1)വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ (പ്രൊജക്ട് 127/25)

അടങ്കൽ: 682000/- (പ്ലാൻ 229875,cfc 285125)

ആകെ ചെലവ് :662000/-

ക്രമ നം.	വൗച്ചർനമ്പർ തീയതി	തുക	ജൻസി
1	22401313/31.3.25	183125	KSEB വെന്നിയൂർ
2	22401254/30.3.25	76875	KSEB വെന്നിയൂർ
3	22401140/17.3.25	70125	KSEB തിരൂരങ്ങാടി
4	22401294/30.3.25	102000	KSEB താനൂർ ഈസ്റ്റ്
5	24150652007201481764/ 10.3.25	229875	KSEB തിരൂരങ്ങാടി
ആകെ		662000	

2) ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ (പ്രൊജക്ട് 183/25) സ്പിൽ ഓവർ

അടങ്കൽ: 200594/- (തനത്)

ക്രമ നം.	വൗച്ചർനമ്പർ തീയതി	തുക	ജൻസി
1	22400804/3.1.25	64854	KSEB താനൂർ ഈസ്റ്റ്

3) പഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള സോളാർ സിസ്റ്റം നവീകരണം (299/25)

അടങ്കൽ: 1023000/- (തനത്)

ക്രമ നം.	വൗച്ചർനമ്പർ തീയതി	തുക	ജൻസി
1	22401290/30.3.25	1023000	അനെർട്ട് മലപ്പുറം

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറി നം.17/19.9.25 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗരേഖകൾ ലഭ്യമാക്കി അറിയിക്കുന്നതുവരെ ആകെ ചെലവു തുക , 1749854 രൂപ തടസ്സം ചെയ്യുന്നു.

1-31 ഹെൽത്ത് ഗ്രാന്റ്- റീയേജന്റുകൾ വാങ്ങിയ സ്ഥാപനത്തിന് അധിക തുക നൽകി

കുടുംബാരോഗ്യ കേന്ദ്രം- മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം രോഗ നിർണ്ണയ കിറ്റുകളും റീയേജന്റുകളും വാങ്ങിയതിന് DEEP MEDITECH PVT.LTD, NEW DELHI എന്ന സ്ഥാപനത്തിന് ഹെൽത്ത് ഗ്രാന്റിൽ നിന്നും പെയ്മെന്റ്

നൽകിയപ്പോൾ വന്നിട്ടുള്ള പിശക് കാരണം 50657 രൂപ അധികം നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിശദാംശം	ബിൽ പ്രകാരമുള്ള തുക നൽകിയ സ്ഥാപനങ്ങൾ	ഇൻവോയ്സ് പ്രകാരം നൽകേണ്ട തുക	നൽകിയ തുക	PFMS Payment Advice No.
പ്രോജക്ട്-ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ പ്രോജക്ട് നമ്പർ-280/25 അടങ്കൽ-176495 ചെലവ്- 176495 ഫണ്ട്- ഹെൽത്ത് ഗ്രാന്റ് ബിൽ തുക-61857	LabX	5033	5033	C102456533967/ 12.12.2024
	Laxmi Paper	1600	1600	C102456534516/ 12.12.2024
	ABC Diagnostics Pvt Ltd. -	18284	18284	C122404854504/ 12.12.2024
	New India Surgicals And Chemicals-	17228	17228	C122404855281/ 12.12.2024
	IRIS BIO TECH-	8512	8512	C122404859258/ 12.12.2024
	Deep Meditech Pvt.Ltd.-	11200	61857	C122404860124/ 12.12.2024
	TOTAL-	61857	112514	

മേൽ പട്ടികയിലെ Deep Meditech Pvt.Ltd. എന്ന സ്ഥാപനത്തിന്റെ DM/565/24-25/9.7.2024 നമ്പർ ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിൽ നിന്നും വാങ്ങിയ HEM ANALY, DILUENT 20 L (21S) (4 Numbers), PROBE CLEANER MINDRAY 4X51 ML (1 Number) എന്നിവയ്ക്ക് 11200/- രൂപയാണ് വില വരുന്നത്. എന്നാൽ 11200 രൂപ നൽകുന്നതിന് പകരം ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 61857 രൂപ ട്രാന്സ്ഫർ ചെയ്തു. പെയ്മെന്റ് തുക എന്ട്രി വരുത്തിയപ്പോൾ വന്ന പിശക് മൂലമാണ് ഇത് സംഭവിച്ചതെന്നും അധികമായി കൈപറ്റിയ 50657 രൂപ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കാൻ 29.5.2025 ലെ S2-4775/24 നമ്പരായി സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ 44/24.9.2025 നമ്പർ ഓഡിറ്റ് എൻകയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

അധികം നൽകിയ 50657 രൂപ ടി- സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക തുക തെറ്റായി ക്രെഡിറ്റ് ചെയ്ത സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

1-32 ഗ്രാമ പഞ്ചായത്ത് റീകൂപ്പ് ചെയ്ത് നൽകുന്ന തുകകൾ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിൽ വരവ് വെയ്ക്കുന്നില്ല

നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം- ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കും പരിരക്ഷാ ചെലവുകൾക്കുമായി മുൻകൂറായി പണം പിൻവലിച്ച് ചെലവ് ചെയ്യുന്നുണ്ട്. ഇപ്രകാരം ചെലവ് ചെയ്യുന്ന തുകകൾ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്ത് നൽകുന്നുണ്ട്. എന്നാൽ 2024-25 വർഷത്തിൽ ഇപ്രകാരം റീകൂപ്പ് ചെയ്ത് നൽകിയ തുകകൾ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് റീകൂപ്പ് ചെയ്ത് നൽകിയ തുകകൾ മെഡിക്കൽ ഓഫീസറുടെ പേരിൽ തിരൂരങ്ങാടി എസ്.ബി.ഐ.ലുള്ള 43458672279 നമ്പർ കറന്റ് അക്കൗണ്ടിലാണ് ക്രെഡിറ്റ് വന്നിട്ടുള്ളത്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	റീകൂപ്പ് ചെയ്ത് നൽകിയ ബിൽ നമ്പർ/ തിയതി	തുക	കറന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തുക
1	24150652036101314736/ 19.2.25	65466	29.3.2025
2	24150652036101257660/ 18.2.25	22810	29.3.2025
3	24150652036101480373/ 14.3.25	12483	26.3.2025
4	24150652036101314721/ 18.2.2025	167810	29.3.2025
5	ചെക്ക് നമ്പർ-05195517/5.12.2024 പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകിയത്.	126423	ക്രെഡിറ്റ് വിവരം ലഭ്യമല്ല

6	ചെക്ക് നമ്പർ-06768382/20.3.2025 പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകിയത്.	125140	25.3.2025

മേൽ തുക എച്ച്.എം.സി. അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് പകരം മെഡിക്കൽ ഓഫീസറുടെ പേരിൽ ഓൺലൈൻ സേവനത്തിന് വേണ്ടി ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല. മേൽ തുക എച്ച്.എം.സി.യുടേതല്ലാത്ത കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ- 39/23.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ തുക എച്ച്.എം.സി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിവരമറിയിക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-33 നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം-ആശുപത്രി മാനേജിംഗ് കമ്മിറ്റി-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2020-21 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത വർഷങ്ങളിലെ ഓഡിറ്റ് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ- 4/15.9.2025, 38/22.9.2025 ന് ഓഫീസിലെ മറ്റ് ജോലിത്തിരക്ക് കാരണം ഇപ്പോൾ വാർഷികക്കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കാൻ സാധിക്കുകയില്ലെന്നും അടുത്ത ഓഡിറ്റ് സമയത്ത് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. മേൽ വർഷങ്ങളിലെ വാർഷിക കണക്കുകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-34 അൺഫിറ്റ് കെട്ടിടം- പൊളിച്ച് മാറ്റാൻ നടപടി സ്വീകരിച്ചിട്ടില്ല

നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം കോമ്പൗണ്ടിനുള്ളിൽ അൺഫിറ്റ് സാക്ഷ്യപത്രം നൽകിയ കെട്ടിടം പൊളിച്ച് മാറ്റാതെ ജീർണ്ണിച്ച് അപകടാവസ്ഥയിൽ നിൽക്കുന്നതായി 20.9.2025 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ കണ്ടു. ദിനം പ്രതി വളരെയധികം രോഗികൾ ചികിത്സക്കായി എത്തുന്ന ആശുപത്രിയിൽ മേൽ കെട്ടിടം ഇപ്രകാരം അവശേഷിക്കുന്നത് രോഗികൾക്കും ജീവനക്കാർക്കും പൊതു ജനത്തിനും ഒരു പോലെ ഭീഷണിയാണ്. മാത്രമല്ല വളരെ പരിമിതമായ പാർക്കിംഗ് സൗകര്യം മാത്രമാണ് കുടുംബാരോഗ്യ കേന്ദ്രത്തിലുള്ളത്. ഉപയോഗ രഹിതമായ കെട്ടിടം പൊളിച്ച് മാറ്റുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാനോ അല്ലാത്തപക്ഷം പ്രസ്തുത സ്ഥലം പാർക്കിംഗിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗപ്പെടുത്താൻ സാധിക്കുകയും ചെയ്യും.

അൺഫിറ്റ് സാക്ഷ്യപത്രം നൽകിയ ടി- കെട്ടിടം പൊളിച്ച് മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ- 29/22.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപകടാവസ്ഥയിൽ നിൽക്കുന്ന അൺഫിറ്റ് കെട്ടിടം പൊളിച്ച് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

1-35 സ്മാർട്ട് അങ്കണവാടിയിലേക്ക് വഴി സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച മൂച്ചിക്കൽ അങ്കണവാടി കെട്ടിട നിർമ്മാണം 2024-25 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് (പ്രോജക്ട്- 158/25) . മൊത്തം 989882 രൂപ കെട്ടിട നിർമ്മാണത്തിന് ചെലവഴിച്ചു. കൂടാതെ ചുറ്റുമതിൽ, ഷീറ്റ്, ഇന്റർലോക്ക് എന്നിവയ്ക്കായി 276243 രൂപ കൂടി ചെലവഴിച്ചു. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതായി 20.9.2025 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. കൂടാതെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി സ്മാർട്ട് ആക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്മാർട്ട് അങ്കണവാടിയായി പ്രവർത്തിക്കുന്നു. എന്നാൽ വളരെ പരിമിതമായ സ്ഥല സൗകര്യമാണ് അങ്കണവാടിയിലുള്ളത്. 2.75 സെന്റ് സ്ഥലത്താണ് അങ്കണവാടി നിർമ്മിച്ചിട്ടുള്ളത്. ചുറ്റുഭാഗത്തും സ്വകാര്യ വ്യക്തികളുടെ വീടുകളുമുണ്ട്. അങ്കണവാടിയിലേക്ക് രേഖാമൂലമുള്ള വഴി സൗകര്യം ലഭ്യമായിട്ടുമില്ല. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെയാണ് ഇപ്പോൾ അങ്കണവാടിയിൽ എത്തുന്നത്.

മേൽ അങ്കണവാടിയിലേക്ക് വഴി സൗകര്യം ഏർപ്പെടുത്താതിരുന്നതിന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നമ്പർ- 28/22.9.2025 നുള്ള മറുപടിയിൽ പ്രസ്തുത അങ്കണവാടി 25 വർഷത്തിലധികമായി ആ സ്ഥലത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന അങ്കണവാടിയാണെന്നും ഇപ്പോൾ പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം പണിയുകയാണ് ചെയ്തതെന്നും അന്നു മുതൽ രേഖാമൂലമുള്ള വഴിയില്ലെന്നും വഴി സംബന്ധിച്ച് നാളിതു വരെ പരാതികളോ തടസ്സവാദങ്ങളോ ഉണ്ടായിട്ടില്ലെന്നും അറിയിച്ചു. എന്നിരുന്നാലും സർക്കാർ സ്ഥാപനം എന്ന നിലയ്ക് അങ്കണവാടിക്ക് സ്വന്തമായി വഴി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുമെന്ന് അസി.എഞ്ചിനീയർ അറിയിച്ചു.

മേൽ അങ്കണവാടിക്ക് രേഖാമൂലമുള്ള വഴി സൗകര്യം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-36 വനിതകൾക്ക് മെൻസ്ട്രൽ കപ്പ് നൽകൽ- മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തിട്ടില്ല.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം 6,88,382 രൂപ വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മെൻസ്ട്രൽ കപ്പ് കൈപറ്റി ആയത് വിതരണം ചെയ്തതിന്റെ രേഖകളില്ല. പ്രോജക്ട് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് വിശദാംശങ്ങൾ	തുക	വൗച്ചർ നം.	റിമാർക്സ്
1	പ്രോജക്ട്- വനിതകൾക്ക് മെൻസ്ട്രൽ കപ്പ് നൽകൽ പ്രോജക്ട് നം -139/25 അടങ്കൽ-150000 ഫണ്ട്- സി.എഫ്.സി. ചെലവ് തുക-68882	68882	XVFC/2024-25/P/38, തി-28.3.2025	HLL Life Care Ltd. എന്ന സ്ഥാപനത്തിന്റെ 9423057183/15.3.2025 നമ്പർ ഇൻവോയ്സ് പ്രകാരം ആകെ 2128എണ്ണം മെൻസ്ട്രൽ കപ്പുകളാണ് വാങ്ങിയിട്ടുള്ളത്
2	പ്രോജക്ട്- വനിതകൾക്ക് മെൻസ്ട്രൽ കപ്പ് നൽകൽ പ്രോജക്ട് നം -182/25 (സ്പിൽഓവർ) അടങ്കൽ-650000 ഫണ്ട്- 600000- ജി.പ.വിഹിതം, 50000- പ്ലാൻ ചെലവ് തുക-619500	50000 569500	24150652036100214836/ 1.6.2024 24150652036101705882/ 26.3.2025	യംഗ് ഇന്ത്യ പ്രൈ.ലിമി. എന്ന സ്ഥാപനത്തിൽ നിന്നും 166 എണ്ണം വാങ്ങി. (ഡെലിവറി നോട്ട് 5/3.6.25) ഇൻവോയ്സ്YIP/23-24/86, 11.3.2024 HLL Life Care Ltd. എന്ന സ്ഥാപനത്തിന്റെ 9423057183/15.3.2025 നമ്പർ ഇൻവോയ്സ് പ്രകാരം ആകെ 2128എണ്ണം മെൻസ്ട്രൽ കപ്പുകളാണ് വാങ്ങിയിട്ടുള്ളത്. വില-638382/-

മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി നമ്പർ- 30/22.9.2025 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. വാങ്ങിയ മെൻസ്ട്രൽ കപ്പുകൾ കൈപറ്റി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. 2128 മെൻസ്ട്രൽ കപ്പുകൾ അംഗീകൃത സ്ഥാപനമായ HLL Life Care Ltd. എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. എന്നാൽ 166 എണ്ണം മാത്രം യംഗ് ഇന്ത്യ പ്രൈ.ലിമി. എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാനുണ്ടായ കാരണം.

മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. വിതരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 6,88,382 രൂപ തടസ്സം ചെയ്യുന്നു.

1-37 ആരോഗ്യഭേരി പദ്ധതി- പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പ് വരുത്താനായില്ല.

കേരള സർക്കാരിന്റെ ആരോഗ്യം-ആനന്ദം പരിപാടിയുടെ ഭാഗമായി നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (എഫ്.എച്ച്. സി)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ആരോഗ്യഭേരി പദ്ധതി . പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിശദാംശങ്ങൾ	വൗച്ചർ നം./തിയതി	ചെലവ് വിവരം
1. ആരോഗ്യഭേരി പ്രോജക്ട് നമ്പർ-152/25	22401242/29.3.2025 , 17130/-	ന്യൂ കൊച്ചിൻ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും റീയേജന്റുകളും ഉപകരണങ്ങളും വാങ്ങിയത്.
അടങ്കൽ- 100000 ഫണ്ട്- തനത്	22401210/25.3.2025 , 64838/-	ലാപ്ടെക് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും പ്രൊജക്ടർ വാങ്ങിയത്
ചെലവ്- 81968	**ആകെ- 81968**	

മേൽ പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട ചുവടെ ചേർത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ- 31/22.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. സ്ത്രീകളിലെ കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ സ്ക്രീനിംഗ് നടത്തി മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള രോഗ നിർണ്ണയ ടെസ്റ്റുകളും പരിശോധനകളും നടത്തുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള ഏതെങ്കിലും ടെസ്റ്റുകളോ പരിശോധനകളോ ആയതിന്റെ ഭാഗമായുള്ള പരിശീലനങ്ങളോ പദ്ധതിയുടെ ഭാഗമായി നടത്തിയതായി രേഖയില്ല. ടെസ്റ്റുകൾക്കായുള്ള റീയേജന്റുകളും മരുന്നുകളും വാങ്ങിയെന്നല്ലാതെ ടെസ്റ്റ് നടത്തിയതിന്റെ വിവരമില്ല.

2. ഒരു ലക്ഷം രൂപ വകയിരുത്തി വിഭാവനം ചെയ്ത പ്രോജക്ടിൽ ഉപകരണങ്ങൾ പർച്ചെയ്സ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ലക്ഷ്യം കരഗതമായിട്ടില്ല.

3. പദ്ധതിയുടെ ഫലപ്രാപ്തി പരിശോധിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-38 പരിരക്ഷാ പാലിയേറ്റീവ് കെയർ-വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല

മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷാ പാലിയേറ്റീവ് കെയർ (177/25 -സ്പിൽഓവർ, 86/25) എന്ന പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസ വാടക 1100 നിരക്കിലും 1000 രൂപ നിരക്കിലുമായി വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 262900 രൂപ കരാറുകാരനായ ശ്രീ. മുഹമ്മദ്.സി.പി. എന്നവർ കൈപറ്റിയിട്ടുണ്ട്. ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act , Sec. 194 C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ റഫറൻസ് നം/തീയ്യതി	വാഹന വാടക നൽകിയത്	കാലയളവ്/ നിരക്ക്
24150652036100305809/ 28.6.2024	44000	4/24, 5/24 എന്നീ മാസങ്ങളിൽ 20 ദിവസത്തേക്ക് @1100/-
24150652036101480373/ 14.3.2025	98900	6/24 ൽ 19 ദിവസത്തേക്ക് @1100/- 7/24 ൽ 20 ദിവസത്തേക്ക് @1000/- 8/24 ൽ 20 ദിവസത്തേക്ക് @1000/- 9/24 ൽ 18 ദിവസത്തേക്ക് @1000/- 10/24 ൽ 20 ദിവസത്തേക്ക് @1000/-
24150652036101480391/ 14.3.2025	58000	11/24 ൽ 20 ദിവസത്തേക്ക് @1000/- 12/24 ൽ 18 ദിവസത്തേക്ക് @1000/- 1/25 ൽ 20 ദിവസത്തേക്ക് @1000/-
ആകെ	2,00,900	

2010 രൂപ ആദായ നികുതിയിനത്തിൽ കുറവ് ചെയ്യാതെ പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-32/22.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആദായ നികുതിയിനത്തിൽ 2010 രൂപ ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-39 അങ്കണവാടി കെട്ടിട നിർമ്മാണം- പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ചുവടെ ചേർത്തിട്ടുള്ള അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് 2024-25 വർഷത്തിൽ പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിട നിർമ്മാണങ്ങൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് വിശദാംശങ്ങൾ	പാർട്ട് ബിൽ നൽകിയ തുക	റിമാർക്സ്
1	വാർഡ്-13 അങ്കണവാടി കെട്ടിട നിർമ്മാണം പ്രോജക്ട്-253/25 അടങ്കൽ- 10 ലക്ഷം ഫണ്ട്- തനത് ടിഎസ്- 111932/23-24/1.3.2024 കരാറുകാരൻ- ശ്രീ. നവാസുദ്ധീൻ.കെ. വൗച്ചർനം. 22401224/27.3.2025	693597	പ്രവൃത്തി അവസാനമായി അളവെടുത്തിട്ടുള്ളത് 20.3.2025 നാണ്. നിലവിലെ നിർമ്മാണ പുരോഗതി വിവരം ലഭ്യമല്ല.
2	128-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം, വാർഡ്-15	426966	പ്രവൃത്തി അവസാനമായി അളവെടുത്തിട്ടുള്ളത് 9.12.2024 നാണ്. നിലവിലെ നിർമ്മാണ പുരോഗതി

	പ്രോജക്ട്-222/25 അടങ്കൽ- 10 ലക്ഷം ഫണ്ട്- തനത് ടിഎസ്- 115412/23-24 /19.3.2024 കരാറുകാരൻ- ശ്രീ. അമീർ സുഹൈൽ .കെ.വി. വൗച്ചർനം. 22401036/22.2.2025		വിവരം ലഭ്യമല്ല.

മേൽ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം/ ഫൈനൽ ബിൽ നൽകിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ- 27/22.9.2025 നുള്ള മറുപടിയിൽ ക്രമ-1 പ്രകാരമുള്ള പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നുവെന്നും പ്രവർത്തിയുടെ അവസാന മെഷർമെന്റ് എടുത്ത് 22.9.2025 ന് ചെക്ക് മെഷർമെന്റിന് അയച്ചിട്ടുണ്ടെന്നും ചെക്ക് മെഷർമെന്റ് ലഭ്യമാകുന്നമുറയ്ക്ക് ഫൈനൽ ബിൽ നൽകുന്നതാണെന്നും അറിയിച്ചു. ക്രമനമ്പർ-2 പ്രകാരമുള്ള പ്രവൃത്തിയിൽ നിലവിൽ പ്ലാസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

മേൽ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-40 മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം കുടുബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി വിവരമില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേരും നമ്പരും	മുൻകൂർ നൽകിയ തുക/പ്രഫോർമ ഇൻവോയ്സ്	ബിൽ റഫറൻസ് നം.
1	കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം. 178/25 (സ്പിൽഓവർ) അടങ്കൽ- 500000 ചെലവ് - 500000	500000/ PRF 4644/ 1.3.2024	24150652036100214847/ 1.6.2024, 200000/- 24150652036100214821/ 1.6.2024, 300000/-
2	കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം. 93/25 അടങ്കൽ- 1350000/- ചെലവ് - 1339854/- (മേൽ ചെലവിൽ 89906 രൂപയുടെ മരുന്ന് സപ്ലൈകോ-യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.)	313228 PRF 1538/ 16.10.2024 786772/- PRF 973/ 21.8.2024 149948/- PRF 2987/ 16.1.2025	24150652036101257623/ 18.2.2025, 313228/- 24150652036100817871/ 20.12.2024, 786772/-. വൗച്ചർ നം. 22400983/8.2.2025
3	പരിരക്ഷാ പാലിയേറ്റീവ് കെയർ പ്രോജക്ട് നം. 177/25 അടങ്കൽ- 597043 ചെലവ് - 580300	99990/- PRF 2990/ 16.1.2025 200000/- PRF 4297/ 19.2.2024	24150652036101257663/ 18.2.2025, 24380/- 24150652036101257660/ 18.2.2025, 22810/- 24150652036101480336/ 13.3.2025 , 52800/- 24150652036101161336/ 23.01.2025, 177190/- 24150652036101480361/

			13.3.2025 , 22810/-
		20,49,938	

മൊത്തം 3 പ്രൊജക്ടുകളിലായി 6 പ്രഫോർമ ഇൻവോയ്സുകൾ പ്രകാരം 20,49,938 രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹെൽത്ത് ഗ്രാന്റിൽ നിന്നും പ്രോജക്ട് നമ്പർ-281/25 പ്രകാരം HEMOMETER & TEST STRIPS എന്നിവ വാങ്ങുന്നതിന് 28043 രൂപ പ്രഫോർമ ഇൻവോയ്സ്- PRF 3377/ 1.2.2025 പ്രകാരവും നൽകിയിട്ടുണ്ട്. (Payment Advice No. Co22544859506/17.3.2025) ആയത് ലഭ്യമായതിന്റെ വിവരം കൂടി അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ -33/22.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-41 തോടുകളിൽ നിന്നും നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയ വെഞ്ചാലിമുക്കം, വട്ടച്ചിറ തോടുകളിലെ മണ്ണ് നീക്കം ചെയ്യാൻ ആവിഷ്ക്കരിച്ച പ്രോജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്- വെഞ്ചാലി മുക്കം വട്ടച്ചിറ തോടുകളിലെ മണ്ണ് നീക്കം ചെയ്ത് തോടിന്റെ വശങ്ങളിൽ നിക്ഷേപിക്കൽ

പ്രോജക്ട് നം. 209/24, 230/25

അടങ്കൽ- 992000

ഫണ്ട്- തനത്

ടി.എസ്- 854/2023-24/24.4.2023

കരാറുകാരൻ - ശ്രീ. കോയക്കുട്ടി

വൗച്ചർനം. 22400349/30.8.2024, 400000 /-

വൗച്ചർനം. 22400350/30.8.2024, 433512/-

ആകെ ചെലവ്- 833512/-

3.2.2023 ന് തിരൂരങ്ങടി തഹസിൽദാർ ജില്ലാ കലക്ടർക്ക് നൽകിയ C4 -TLKTD/143/2023 നമ്പർ കത്തിന്റെയടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വെഞ്ചാലി തോട് മുതൽ കുണ്ടൂർ തോട് വരെയുള്ള മണലിക്കോട് തോട് , മുക്കംകടവ് മുതൽ വട്ടച്ചിറ വിസിബി വരെയുള്ള തോട് എന്നിവിടങ്ങളിൽ തോട്ടിൽ അടിഞ്ഞ് കൂടിയ ചളി മണ്ണ് നീക്കം ചെയ്യുന്നതിനാണ് പദ്ധതി. കാർഷികാവശ്യത്തിനുള്ള വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് ഈ തോടുകളിൽ നിന്നും ചളി നീക്കം ചെയ്യേണ്ടത് അത്യന്താപേക്ഷിതമായതിനാലാണ് മേൽ പ്രവൃത്തി നടത്തുന്നത്. ചളിമണ്ണ് തോടുകളിൽ നിന്നും എടുത്ത് മൂന്നോ നാലോ സ്ഥലങ്ങളിലായി നിക്ഷേപിച്ച് ആയത് സാങ്കേതികമായി പരിശോധിച്ച ശേഷം വില നിർണ്ണയിച്ച് പൊതു ലേലത്തിൽ വിൽപന നടത്താവുന്നതാണെന്നും മേൽ കത്തിൽ തഹസിൽദാർ വ്യക്തമാക്കിയിരുന്നു.

മേൽ പ്രവൃത്തിയിൽ ആകെ 3899.987 എ3 മണ്ണ് നീക്കം ചെയ്ത് വശങ്ങളിൽ കൂട്ടിയതായി അസി.എഞ്ചിനീയർ മൂല്യനിർണ്ണയം ചെയ്തിട്ടുണ്ട്. ആയതിന് 181.12/എ3 നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ മൊത്തം ചെലവ്- 833512 രൂപ (നികുതിയടക്കം) യാണ്. എന്നാൽ നീക്കം ചെയ്ത മണ്ണ് നാളിതു വരെ ലേലം ചെയ്ത് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണ് തോടിന്റെ തന്നെ വശങ്ങളിൽ അശാസ്ത്രീയമായി നിക്ഷേപിച്ചാൽ തുടർന്ന വരുന്ന മഴക്കാലത്ത് തിരിച്ച് തോട്ടിലേക്ക് തന്നെ ഒലിച്ചിറങ്ങി തോട് പൂർവ്വസ്ഥിതിയിലാകുമെന്നും മണ്ണ് അവിടെ നിന്ന് മാറ്റി ലേലം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി പ്രസ്തുത സാഹചര്യം ജില്ലാ കലക്ടറുടെ ശ്രദ്ധയിൽപെടുത്തി നടപടി സ്വീകരിക്കാൻ അസി. എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു.

എന്നാൽ അസി.എഞ്ചിനീയറുടെ കത്തിൻമേൽ നടപടി സ്വീകരിക്കുകയോ മണ്ണ് ലേലം ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 14/2024-25/19.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-42 വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ:വി.ഇ.ഒ

ലൈഫ് മിഷൻ മാർഗരേഖ പ്രകാരം പദ്ധതിക്ക് കീഴിൽ ഭവന നിർമാണം-പുനരുദ്ധാരണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ആദ്യ തുക കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കേണ്ടതുണ്ട്.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അവസാനമായി തുക നൽകി ഏറെക്കാലം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

ക്രമ.നം	പേര്	കരാർ വെച്ച തീയതി	അനുവദിച്ച തുക
1	ഫാത്തിമക്കുട്ടി,തയ്യിൽ	6.2.2025	25,000

2	സമീറ,ഞാറക്കടവത്ത്	6.2.2025	25,000
3	കുമാരൻ,കാരക്കോട്ടിൽ	6.2.2025	25,000
	ആകെ		75,000

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.36/22.9.2025) നല്കിയതിന് 23.9.2025ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ നിർമ്മാണം ഒരുമാസത്തിനകം പൂർത്തീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

1-43 ലൈഫ് ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗരേഖ പ്രകാരം പദ്ധതിക്ക് കീഴിൽ ഭവന നിർമാണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ആദ്യ തുക കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവന നിർമാണം പൂർത്തീകരിക്കേണ്ടതുണ്ട്.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അവസാനമായി തുക നൽകി ഏറെക്കാലം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

S/N	പേര് വിലാസം	ആദ്യ തുക അനുവദിച്ച തിയതി	ആകെ നൽകിയത്	റിമാർക്സ്
1	സരസു, കീഴാപ്പുറത്ത് ഹൗസ്	22-11-2024	2,00,000	തറ നിർമ്മാണം പൂർത്തീകരിച്ചു
2	നിഹിത,മച്ചിങ്ങൽ	27.9.2023	3,00,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
3	ദൃശ്യ,മച്ചിങ്ങൽ	27.9.2023	3,00,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
4	വിദ്യ.കെ.പി	23.11.2024	2,00,000	ലിന്റൽ വാർപ്പ് പൂർത്തീകരിച്ചു
5	ശാന്തകുമാരി,പാലങ്ങത്ത്	9.5.2024	3,00,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
6	ശാരദ,പാലങ്ങത്ത്	9.5.2024	2,00,000	ലിന്റൽ വാർപ്പ് പൂർത്തീകരിച്ചു
7	സഫിയ ,തെക്കുംഞ്ചേരി	24.7.2024	3,00,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
9	പ്രജിത തെക്കുംഞ്ചേരി	24.7.2024	3,40,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
10	സമീറ തെക്കുംഞ്ചേരി	24.7.2024	3,40,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
11	ശ്രീമതി,കളത്തിൽ	24.7.2024	3,00,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
12	വിജിത,കളത്തിൽ	24.7.2024	3,00,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
13	നൂർജഹാൻ,പൈനാട്ട്	24.7.2024	3,60,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു
14	അസ്മാബി,പൗറുക്കുരികളകത്ത്	22.10.2024	2,80,000	മെയിൻ വാർപ്പ് പൂർത്തീകരിച്ചു

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.35/22.9.2025) നല്കിയതിന് 23.9.2025ന് ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണ പ്രവൃത്തികൾ ഒരു മാസത്തിനകം പൂർത്തീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

1-44 സ്കൂളുകളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ-ജെം വഴി വാങ്ങൽ നടത്തിയില്ല

പ്രോജക്ട് നം, പേര്	268/25 ജി.എൽ.പിസ്കൂൾ ചെറുമുക്ക്,ജി.യു.പിസ്കൂൾ കൊടിഞ്ഞിഎന്നീ സ്കൂളുകളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ(SO)
അടങ്കൽ	1,50,000/-(തനത് ഫണ്ട്)
ബിൽനം.തീയതി&തുക	വൗച്ചർ നം.22400881/16.1.2025:67,000/-

	വൗച്ചർനം.22400880/16.1.2025:83,000/-
ആകെ ചെലവ്	1,50,000/-(തനത് ഫണ്ട്)

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ ജി.എൽ.പിസ്കൂൾ ചെറുമുക്ക്,ജി.യു.പിസ്കൂൾ കൊടിഞ്ഞിഎന്നീ സ്കൂളുകളിൽ

സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ എന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ജി.ഒ.(പി)നം.7/19/എസ്.പി.ഡി. തീയതി 26.4.2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്.ഏതെങ്കിലും പ്രത്യേക ഇനം ജെമ്മിൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ,ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽGemൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് KPM.Enerprises,കച്ചേരിക്കുന്ന്,ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നുംടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി(6/16.9.2025) നല്കിയതിന് 17.9.2025ന് ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ജെം മുഖേന വാങ്ങുന്നതിനുള്ള ഓർഡറുകളോ വിശദീകരങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പിന്നീട് ഓഡിറ്റിൽ ഈ കാര്യം പരാമർശിച്ചതിനെ തുടർന്ന് തുടർന്നുള്ള പദ്ധതികൾക്ക് ജെം മുഖേന സാധനങ്ങൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-45 തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം, പേര്	101/25 തുല്യത പരീക്ഷNew)
അടങ്കൽ	തനത് ഫണ്ട്:2,25,000/-
വൗച്ചർ നം.തീയതി&തുക	22400963/5.2.2025:1,36,700/-
ആകെ ചെലവ്	1,36,700/-(തനത് ഫണ്ട്)

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ തുല്യത പരീക്ഷ എന്ന പ്രോജക്ടിൽ പത്താതരം തുല്യത പരീക്ഷയ്ക്ക്99,9900/-(54x1850) രൂപയും പ്ലസ് വൺ തുത്യത പരീക്ഷയ്ക്ക് 36,800/-(രൂപയും16x2300) കേരള സംസ്ഥാന സാക്ഷരതാ മിഷന് നല്തിയിട്ടുണ്ട്.മേല്പറഞ്ഞ പരീക്ഷകൾക്ക് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും പഠിതാക്കൾ പരീക്ഷയെഴുതിയതിന്റെയും പഠനം പൂർത്തീകരിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

പഠിതാക്കൾ പരീക്ഷയെഴുതിയതിന്റെയും പഠനം പൂർത്തീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകയറി(നം8/16.9.2025) നല്കിയതിന് 17.9.2025 ന് ലഭ്യമാക്കിയ മറുപടിയിൽ തുല്യത പരീക്ഷക്കുള്ള ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുകയാണെന്നും പരീക്ഷകൾ നടക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പഠിതാക്കൾ പരീക്ഷയെഴുതിയതിന്റെയും പഠനം പൂർത്തീകരിച്ചതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-46 പൂർത്തീകരണ / വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നിർവ്വഹണം	സെക്രട്ടറി
പ്രോജെക്ട്	പഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള സോളാർ സിസ്റ്റം നവീകരണം (299/25)
അടങ്കൽ	1023000 /- (തനത്)
ചെലവ്	1023000/- 22401290/30.3.25

പഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള 5kva സോളാർ സിസ്റ്റം പഞ്ചായത്തിലെ മുഴുവൻ ഉപകരണങ്ങളും ഉപയോഗിയ്ക്കാൻ സാധ്യമാകുന്നരീതിയിലുള്ള 10kva ഹൈബ്രിഡ് സോളാർ സിസ്റ്റത്തിലേയ്ക്ക് മാറ്റി നവീകരിയ്ക്കുന്ന ഈ പദ്ധതിയിൽ, മേൽ വൗച്ചറുകൾ പ്രകാരം 1023000/- അനെർട്ടിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അനെർട്ട് മലപ്പുറം ജില്ലാ എഞ്ചിനിയറുടെ 9.9.2024ലെ 4/2025 ഡിമാന്റ് നോട്ട് പ്രകാരം 10% അഡ്മിനിസ്ട്രേറ്റീവ് ചെലവുൾപ്പെടെ ആകെ 1023000രൂപയാണ് ആകെ എസ്റ്റിമേറ്റ്. പദ്ധതിയുടെ പൂർത്തീകരണ വിവരം അനെർട്ടിൽ നിന്നുള്ള 1023000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (24/20.9.25) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്കു ഹാജരാക്കുന്നത് വരെ ചെലവിനാസ്പദമായ 1023000/- തടസ്സം ചെയ്യുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വിവാഹ ധനസഹായം അധികം നൽകി

നിർവ്വഹണം : അസി.സെക്രട്ടറി

പ്രൊജക്ടിന്റെപേര് : SC പെൺകുട്ടികൾക്ക് വിവാഹധനസഹായം (67/2024-25)

അടങ്കൽ :625000/- (പ്ലാൻ എസ്.സി.പി)

ആകെ ചെലവ് : 625000/-

BRN- 24150652028901002309/9.12.2024 തുക 375000/-

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 115/2022/LSGD/28.5.22) ഖ.നം 7.2.1 ന്റെ തുടർച്ചയായി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.10.2022ലെ സ. ഉ (സാധാ) 2593/2022 നം ഉത്തരവു പ്രകാരം, പട്ടിക ജാതി /വർഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം പട്ടിക ജാതി / വർഗ വികസന വകുപ്പു നൽകുന്ന ധനസഹായവുമായി എകീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം, ഈ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള ധനസഹായം 1,25,000രൂപയായി വർദ്ധിപ്പിച്ച നിരക്ക്, 15.10.2022 നു ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്നും വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ 25.5.2022 ന് വിവാഹം കഴിഞ്ഞ സനിത.വി.പി.D/O വേലായുധൻ.വിപി. വെള്ളോട്ര പടിയ്ക്കൽ, തെയ്യാല എന്ന ഗുണഭോക്താവിന് ഈ പദ്ധതിയിൻ കീഴിൽ 1,25,000 രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. (അക്കൗണ്ട് നം 378610100267) ആയത് ക്രമപ്രകാരമല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി 50000രൂപ അധികം നൽകിയതായി കാണുന്നു. ആയതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/16.9.2025 ന്, അറിയാതെ സംഭവിച്ച തെറ്റാണെന്നും അധികം കൈപറ്റിയ 50000/- അടവാക്കുന്നതിനായി മേൽ ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ടെന്നും തുക ഗഡുക്കളായി തിരിച്ചടയ്ക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചത്.നഷ്ടം തിരിച്ചടവാക്കി അറിയിക്കുന്നതുവരെ 50000/- നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിയ്ക്കുന്നതാണ്.

3-2 ഹെൽത്ത് ഗ്രാന്റ്- റീയേജന്റുകൾ വാങ്ങിയ സ്ഥാപനത്തിന് അധിക തുക നൽകി

കുടുംബാരോഗ്യ കേന്ദ്രം- മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം രോഗ നിർണ്ണയ കിറ്റുകളും റീയേജന്റുകളും വാങ്ങിയതിന് DEEP MEDITECH PVT.LTD, NEW DELHI എന്ന സ്ഥാപനത്തിന് ഹെൽത്ത് ഗ്രാന്റിൽ നിന്നും പെയ്മെന്റ് നൽകിയപ്പോൾ വന്നിട്ടുള്ള പിശക് കാരണം 50657 രൂപ അധികം നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിശദാംശം	ബിൽ പ്രകാരമുള്ള തുക നൽകിയ സ്ഥാപനങ്ങൾ	ഇൻവോയ്സ് പ്രകാരം നൽകേണ്ട തുക	നൽകിയ തുക	PFMS Payment Advice No.
പ്രോജക്ട്-ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ പ്രോജക്ട് നമ്പർ-280/25 അടങ്കൽ-176495 ചെലവ്- 176495 ഫണ്ട്- ഹെൽത്ത് ഗ്രാന്റ് ബിൽ തുക-61857	LabX	5033	5033	C102456533967/ 12.12.2024
	Laxmi Paper	1600	1600	C102456534516/ 12.12.2024
	ABC Diagnostics Pvt Ltd. -	18284	18284	C122404854504/ 12.12.2024
	New India Surgicals And Chemicals-	17228	17228	C122404855281/ 12.12.2024
	IRIS BIO TECH-	8512	8512	C122404859258/ 12.12.2024
	Deep Meditech Pvt.Ltd.-	11200	61857	C122404860124/ 12.12.2024
	TOTAL-	61857	112514	

മേൽ പട്ടികയിലെ Deep Meditech Pvt.Ltd. എന്ന സ്ഥാപനത്തിന്റെ DM/565/24-25/9.7.2024 നമ്പർ ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിൽ നിന്നും വാങ്ങിയ HEM ANALY, DILUENT 20 L (21S) (4 Numbers), PROBE CLEANER MINDRAY 4X51 ML (1 Number) എന്നിവയ്ക്ക് 11200/- രൂപയാണ് വില വരുന്നത്. എന്നാൽ 11200 രൂപ നൽകുന്നതിന് പകരം ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 61857 രൂപ ട്രാന്സ്ഫർ ചെയ്തു. പെയ്മെന്റ് തുക എന്ട്രി വരുത്തിയപ്പോൾ വന്ന പിശക് മൂലമാണ് ഇത് സംഭവിച്ചതെന്നും അധികമായി കൈപറ്റിയ 50657 രൂപ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കാൻ 29.5.2025 ലെ S2-4775/24 നമ്പരായി സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ 44/24.9.2025 നമ്പർ ഓഡിറ്റ് എൻകയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

അധികം നൽകിയ 50657 രൂപ ടി- സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക തുക തെറ്റായി ക്രഡിറ്റ് ചെയ്ത സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.

നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
01.04.2024 – 30.09.2024 15 എണ്ണം	43000	43000	2000	ശ്രീ. വിനയരാജ് യു എൻ, പി ടി എസ് ന്റെ 2024 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള LWA കാലയളവിലെ മെഡിസെപ് തുക അടവാക്കിയിട്ടില്ല. ടിയാൻ 03.10.2024 ന് മരണപ്പെട്ടു
01.10.2024 – 31.03.2025 14 എണ്ണം	42000	42000		

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി.	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-3 സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ	ലഭിച്ച തുക	പദ്ധതി പേര്.നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്

സ്ഥാപനം				
ബ്ലോക്ക് പഞ്ചായത്ത്	7,00,000	ലൈഫ് ഭവന നിർമ്മാണം-ജനറൽ-163/24-25	7,00,000	0
	1800000	സമഗ്ര നെൽകൃഷി വികസനം ജനറൽ – 9/24-25	18,00,000	0
	1730240	സമഗ്ര നെൽകൃഷി വികസനം -170/24-25	1730240	0
	9,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-31/24-25	9,00,000	0
	2,00,000	പാലിയേറ്റീവ് കെയർ -86/24-25	2,00,000	0
	2,00,000	പാലിയേറ്റീവ് കെയർ -177/24-25	2,00,000	0
	5,00,000	മച്ചിങ്ങത്താഴം കുളം നവീകരണം 221/24-25	0	5,00,000
	3,00,000	പാലപ്പുറത്താഴം പീലിയം മുക്കായി റോഡ് കൈവരിക്കെട്ടൽ 243/24-25	3,00,000	0
ജില്ലാ പഞ്ചായത്ത്	200000	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-130/24-25	200000	0
	160000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-31/24-25	160000	0
	525112	സമഗ്ര നെൽകൃഷി വികസനം -170/24-25	525112	0
	569500	വനിതകൾക്ക് മെൻസ്ട്രൽ കപ്പ് – 182/24-25	569500	0

സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്നത് എത്രയും വേഗം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം./ ബിൽ/ചെക്ക് നം.	മുൻകൂർ നല്കിയ തുക	ചെല വഴിച്ച തുക	പൂർത്തീ കരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	സ്ട്രീറ്റ് മെയിൻ ഇൻസ്റ്റാളേഷൻ-127/2025	22401140	70125	യുസി ലഭ്യമായിട്ടില്ല	യുസി ലഭ്യമായിട്ടില്ല	70125
	സ്ട്രീറ്റ് മെയിൻ ഇൻസ്റ്റാളേഷൻ-127/2025	22401244	102000	102000	യുസി ലഭിച്ചു	0
	സ്ട്രീറ്റ് മെയിൻ ഇൻസ്റ്റാളേഷൻ-127/2025	22401314	28513	യുസി ലഭ്യമായിട്ടില്ല	യുസി ലഭ്യമായിട്ടില്ല	28513
	സ്ട്രീറ്റ് മെയിൻ ഇൻസ്റ്റാളേഷൻ-127/2025	22401254	76875	യുസി ലഭ്യമായിട്ടില്ല	യുസി ലഭ്യമായിട്ടില്ല	76875

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാ തിരിച്ചടവ്

ക്രമ നം.	വായ്പയുടെ ഉദ്ദേശം	ഉത്തരവ് നം./തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻ ബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി
					മുതൽ	പലിശ	
1	ലൈഫ് ലോൺ	ലഭ്യമായിട്ടില്ല	3766428		231781		3534647

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5637994
തൻവർഷം നിക്ഷേപിച്ച തുക	465135
ആകെ	6103129
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന	6103129

സ്ഥിരനിക്ഷേപം	

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം.
തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit)	2628304	A/C No. 0040160004826 12436 Dated 21.03.2025
തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit)	3474825	A/C No. 00301600007791 R1 8561 Dated 04.11.2024
ആകെ	6103129	

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നമ്പർ/തീയതി
2022-23	1-15	244755	അസി.എഞ്ചിനീയർ,LSGD	1240101300/14.08.2024
2023-24	1-13	600	സഫ ഓഡിറ്റോറിയം	1240100015/03.04.2024
2023-24	1-18	3300	എം എൻ എസ് വെൽനെസ്സ് ക്ലിനിക് തെയ്യാല	1240101378/21.08.2024
2023-24	1-18	3300	എം എൻ എസ് വെൽനെസ്സ് ക്ലിനിക് തെയ്യാല	1240101379/21.08.2024
2023-24	1-18	2500	എഫ് എച്ച് സി നന്നമ്പ്ര	1240101403/21.082024
2023-24	1-18	600	സനിയ കെ കെ മെഡിലാബ്	1240101407/22.08.2024
2023-24	1-18	600	സനിയ കെ കെ മെഡിലാബ്	1240101408/22.08.2024
2023-24		3300	ഡി ടി ജി ഓ സ്കൂൾ	1240101422/22.08.2024
2023-24	1-18	3700	ടി എം സി ഹോസ്പിറ്റൽ	1240101444/24.08.2024
2023-24	Audit Enquiry	1250	അനൂപ് വി പി ഡ്രൈവർ LSGD	1240101471/27.08.2024
2023-24	1-18	450	ഡോ. റുക്സാന	1240101479/29.08.2024
2023-24	Audit Enquiry	1250	അനൂപ് വി പി ഡ്രൈവർ LSGD	1240101510/31.08.2024
2023-24	Audit Enquiry	180	നബീൽ റേഷൻഷാപ്പ്	1240101587/05.09.2024
2023-24	Audit Enquiry	180	നബീൽ റേഷൻഷാപ്പ്	1240101588/05.09.2024
2023-24	Audit Enquiry	1250	അബ്ദുൽ അസീസ് കോൺട്രാക്ടർ	1240101632/09.09.2024
2023-24	Audit Enquiry	1250	അബ്ദുൽ അസീസ് കോൺട്രാക്ടർ	1240101633/09.09.2024
2023-24	Audit Enquiry	600	റേഷൻഷോപ്പ് വെള്ളിയംപുറം	1240101656/10.09.2024
2023-24	Audit Enquiry	600	റേഷൻഷോപ്പ് വെള്ളിയംപുറം	1240101657/10.09.2024
2023-24	1 – 13	600	അക്ബർ ഓഡിറ്റോറിയം	1240102180/04.11.2024
2023-24	Audit Enquiry 30	63110	അസി.എഞ്ചിനീയർ,LSGD	1240000890/31.03.2025
ആകെ		333375		

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2	2016-17	അനുബന്ധം-3	വസ്തു നികുതി	നടപടി തുടരുന്നു
2014-15	2-7	2016-17	അനുബന്ധം-4	തൊഴിൽ നികുതി	നടപടി തുടരുന്നു

2014-15	2-1	2016-17	അനുബന്ധം-3	വസ്തു നികുതി	നടപടി തുടരുന്നു
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി	നടപടി തുടരുന്നു

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക
ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ക്രമം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)	റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്	ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക
				നമ്പറും തിയ്യതിയും	തുക				ഉൾപെട്ട തുക	ഈടാക്കിയ തുക		
1	2006-07	3-2	ഡോ.ആർ. മുകുന്ദ വർമ മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം)	LF.9703/ Spl.Cell/ CSC/D1/11 Dt.15.12.2014	41800	അടവാക്കിയിട്ടില്ല	ഇല്ല	ഇല്ല	0	0	0	41800

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ്	17,31,21,224
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	9,57,50,115
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1,00,657
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	60,34,298

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും.
	ചാർജ് ചെയ്യാവുന്നവ.	സർചാർജ് ചെയ്യാവുന്നവ.	
3-1		50000/-	ശ്രീമതി. സുകുമാരി എം, അസി. സെക്രട്ടറി
3-2		50657/-	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	140000	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി
1-23	200000	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി
1-24	125000	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി
1-28	2108062	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി
1-30	1749854	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി
1-36	688382	ഡോ. ശ്രീമനിത എം എൻ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി
1-46	1023000	ശ്രീ. ദേവേഷ് എസ്, സെക്രട്ടറി
ആകെ	60,34,298	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും.	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം.	സ്ഥിരം മേൽവിലാസം.
ശ്രീമതി. സുകുമാരി, അസി. സെക്രട്ടറി	അസി. സെക്രട്ടറി നന്നമ്പ്ര പഞ്ചായത്ത്	ചിൻമയ മണ്ണൂർ പി ഓ കോഴിക്കോട് പിൻ 673328 Msukumari1971@gmail.com
ശ്രീ. ദേവേഷ് എസ്, സെക്രട്ടറി	സെക്രട്ടറി തൃക്കോടിത്താനം പഞ്ചായത്ത്, കോട്ടയം ജില്ല	ദേവി വിലാസം വാഴൂർ വാഴൂർ പി ഓ പിൻ 686504 കോട്ടയം Deveshkdnyr@gmail.com

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം.	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	3
2006-07	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	8
2007-08	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	12
2008-09	കെ എസ് എ എം പി എം. 15/1270/2010 തിയ്യതി 6.12.2022	9
2009-10	കെ എസ് എ എ പി എം. 15/779/19 തിയ്യതി 15.10.19	11
2010-11	കെ എസ് എ എം പി എം. 15/2147/2022 തിയ്യതി 30.9.2022	1
2011-12	കെ എസ് എ എം പി എം. 15/2147/2022 (1) തിയ്യതി 30.9.2022	7
2012-13	കെ എസ് എ എം പി എം. 15/2147/2022 (2) തിയ്യതി 30.9.2022	2
2013-14 & 204-15	കെ എസ് എ എം പി എം. 15/2147/2022 (3) തിയ്യതി 30.9.2022	7
2015-16	കെ എസ് എ എം പി എം. 15/1/17 തിയ്യതി 07.12.17	9
2016-17	കെ എസ് എ എ പി എം 15/1812/17 തിയ്യതി 22.06.18	16
2017-18	കെ.എസ്.എ.എം.പി.എം15/260/2019 തിയതി: 29.05.2019	10
2018-19	കെ.എസ്.എ.എം.പി.എം.15/283/2020 തിയതി: 17.06.2020	29
2019-20	കെ.എസ്.എ.എ.പി.എം.15/825/2022 തിയതി: 12.10.2022	11
2020-21	കെ.എസ്.എ.എ.പി.എം.15/1489/2022 തിയതി: 7.10.2022	13
2021-22	കെ.എസ്.എ.എം.പി.എം.15/302/2023 തിയതി: 08.06.2023	12
2022-23	കെ.എസ്.എ.എ.പി.എം.15/1785/2023 തിയതി: 02.02.2024	21
2023-24	കെ.എസ്.എ.എ.പി.എം.15/1764/2024 തിയതി: 01.11.2024	20

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 16-07-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Nannambra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Nannambra Grama Panchayat as on 31-03-2025

Date: 14/11/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nannambra Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1)The following mandatory financial statements prescribed in accounting rules are not submitted for auditing.

1. Ratios
2. Notes on accounts

2)Asset register is not upto date and not reliable for audit.

3)Opening balance and closing balane towards Exess of Income over Expenditure is not match with the figures in balance sheet

4)Details of beneficiary contribution not produced for audit

5)closing balance towards health grant for diagonostic infrastructure is not match with the figures in B4 and B7 shedules

6)The Demand, collection, balance towards property tax does not match with annual financial statement

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്